# കില
## വാർത്താപത്രിക

VOLUME-11
ISSUE-8
AUGUST 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in






# STAND WITH KERALA
## KERALA FLOOD RELIEF

**ACCOUNT DETAILS**
A/C NUMBER : 67319948232
A/C NAME: CHIEF MINISTER'S DISTRESS RELIEF FUND
BRANCH: CITY BRANCH, THIRUVANANTHAPURAM
IFSC : SBIN0070028 | SWIFT CODE : SBININBBT08
ACCOUNT TYPE: SAVINGS | PAN: AAAGD0584M



പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചു പഠിക്കാൻ കിലയിലെത്തിയ
തൃശ്ശൂർ സേക്രഡ് ഹാർട്ട് ഗേൾസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ

# ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ കിലയിൽ

സംസ്ഥാനത്തെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ചു പഠിക്കാൻ തൃശ്ശൂർ സേക്രഡ് ഹാർട്ട് ഗേൾസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ കിലയിലെത്തി. കോഴ്സ് ഡയറക്ടർ ഡോ.പീററർ എം.രാജ് വിദ്യാർത്ഥികളെ സ്വാഗതം ചെയ്തു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് കോർഡിനേറ്റർ എം. രേണുകുമാർ സംസാരിച്ചു. ഗ്രാമസഭകളെക്കുറിച്ച് പ്രത്യേകിച്ച് കുട്ടികളുടെ ഗ്രാമസഭകളെക്കുറിച്ച് ഭാസ്കരൻ പള്ളിക്കര വിശദീകരിച്ചു. 54 വിദ്യാർത്ഥിനികളും രണ്ട് അധ്യാപകരുമാണ് കില സന്ദർശിക്കാനെത്തിയത്.



ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പത്തുദിവസത്തെ പരിശീലനപരിപാടി
കിലയിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കെ.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

## സ്ഥാനക്കയറ്റം ലഭിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

ഗ്രാമപഞ്ചായത്തുകളിൽ പുതിയതായി സ്ഥാനക്കയറ്റം ലഭിച്ച സെക്രട്ടറിമാർക്കുള്ള പത്തുദിവസത്തെ പരിശീലനം പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കെ.മുരളീധരൻ ഉദ്ഘാടനം ചെയ്തു. കില ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ അദ്ധ്യക്ഷയായിരുന്നു. അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് സംസാരിച്ചു. 32 പേരാണ് ആദ്യബാച്ചിൽ പങ്കെടുത്തത്. ബാക്കിയുള്ളവർക്കു രണ്ടു ബാച്ചുകളിലായി പരിശീലനം നൽകും.

പ്രാദേശികഭരണസംവിധാനം ഇന്ത്യയിലും കേരളത്തിലും, കേരള പഞ്ചായത്ത് രാജ് നിയമം, ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ, നവകേരള മിഷനുകളുടെ പ്രവർത്തനങ്ങൾ, കേരള സർവീസ്ചട്ടങ്ങൾ, ഫിനാൻഷ്യൽ മാനേജ്മെന്റ്, വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിടനിർമ്മാണചട്ടങ്ങൾ, ക്ഷേമ പെൻഷനുകൾ തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു.

## നഗരസഭ സെക്രട്ടറിമാർക്കു പരിശീലനം

നഗരസഭകളിൽ പുതുതായി നിയമനം ലഭിച്ച സെക്രട്ടറിമാർക്കുള്ള പത്തുദിവസത്തെ പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു. നേതൃശേഷി, മോട്ടിവേഷൻ, കമ്പ്യൂട്ടർ വൈദഗ്ദ്ധ്യം, നഗരവികസനം, വികേന്ദ്രീകൃതാസൂത്രണം, വിഭവസമാഹരണം, എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. കില പ്രൊഫ. ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ഡോ.പീറ്റർ എം.രാജ്, സി.രാധാകൃഷ്ണൻ, എം.രേണുകുമാർ, സെയ്ഫുദ്ദീൻ തുടങ്ങിയവരാണ് ക്ലാസ്സുകൾക്കു നേതൃത്വം നൽകിയത്.

സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ മുഖ്യപ്രഭാഷണം നടത്തുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. വിവിധ നഗരസഭകളിൽനിന്നുള്ള 16 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനത്തിന്റെ ഭാഗമായി അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, തുമ്പൂർമുഴി എന്നിവിടങ്ങളിൽ പഠനസന്ദർശനവും നടത്തി.




തളിപ്പറമ്പു നിയോജകമണ്ഡലത്തിന്റെ സമഗ്രപുരോഗതിയും സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുന്ന സമൃദ്ധി പദ്ധതിയുടെ പ്രോജക്ട് രൂപീകരണയവുമായി ബന്ധപ്പെട്ട ശില്പശാല ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കരൻ ഉദ്ഘാടനം ചെയ്യുന്നു

# തളിപ്പറമ്പു മണ്ഡലത്തിലെ സമൃദ്ധിപദ്ധതി പ്രോജക്ട് രൂപീകരണത്തിനു തുടക്കമായി

തളിപ്പറമ്പു നിയോജകമണ്ഡലത്തിന്റെ സമഗ്രപുരോഗതിയും സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുന്ന സമൃദ്ധി പദ്ധതിയുടെ വിശദമായ പ്രോജക്ട് രൂപീകരണത്തിനു തുടക്കമായി. ജനങ്ങളുടെ ജീവിതസുരക്ഷ, കുടിവെള്ള സമൃദ്ധി എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കരിമ്പ ഐ.ടി.കെ ഓഡിറ്റോറിയത്തിൽ ചേർന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും വിഷയ വിദഗ്ദ്ധരുടെയും ദ്വിദിന ശില്പശാലയാണ് സമൃദ്ധിപദ്ധതിയുടെ വിശദമായ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചത്. എന്റെ സ്കൂൾ പദ്ധതിക്കു പിന്നാലെ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാൻ വഴികാട്ടിയാവുകയാണ് സമൃദ്ധിയിലൂടെ തളിപ്പറമ്പ് മണ്ഡലം.

മണ്ണ്-ജലസംരക്ഷണം, കാർഷികോൽപ്പാദന മേഖലാവികസനം, കുടുംബങ്ങളുടെ വരുമാന വർദ്ധനാപദ്ധതികൾ, മൃഗസംരക്ഷണം, സാമൂഹ്യവനവൽക്കരണപ്രവർത്തനങ്ങൾ എന്നീ മുൻഗണനാക്രമത്തിലാണ് 176 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന വിശദമായ പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. ഇതിലൂടെ കുടുംബങ്ങളുടെ വരുമാന വർദ്ധന സാദ്ധ്യമാകും. ജലസമൃദ്ധി ഉറപ്പുവരുത്തി മൂന്നു വർഷത്തിനകം ടാങ്കറിലൂടെയുള്ള ജലവിതരണം പൂർണ്ണമായും ഒഴിവാക്കും. പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലനവും ക്രോഡീകരണവും ശില്പശാലയിൽ നടന്നു. ശില്പശാലയിൽ പരിശീലനം നേടിയവർ ഗ്രാമപഞ്ചായത്ത്-നഗരസഭകളിലെത്തി പ്രോജക്ടിലേക്കുള്ള കരടു നിർദ്ദേശങ്ങൾ രൂപീകരിക്കും. മണ്ണുസംരക്ഷണ വകുപ്പിലെ നാല്പതംഗ സംഘമാണ് പ്രോജക്ട് തയ്യാറാക്കുന്നതിനു ഫീൽഡിലിറങ്ങുക.

ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവശങ്കരൻ ശില്പശാല ഉദ്ഘാടനം ചെയ്തു. ജെയിംസ് മാത്യു എം.എൽ.എ ആമുഖ പ്രഭാഷണം നടത്തി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, നബാർഡ് എ.ജി.എം.സ് എസ്. നാഗേഷ്, മണ്ണു പര്യവേഷണ വകുപ്പു ഡെപ്യൂട്ടി ഡയറക്ടർ പി. ബിജു, ഡോ.സി.ശശിധരൻ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ഐ.വി.നാരായണൻ സ്വാഗതവും യു.ജനാർദ്ദനൻ നന്ദിയും പറഞ്ഞു.

# അനധികൃത ബോർഡുകൾ നീക്കം ചെയ്യണം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനുമതിയില്ലാതെ റോഡരുകിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളും ഹോർഡിങ്ങുകളും ബാനറുകളും നീക്കം ചെയ്യുന്നതിനു സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്തൊട്ടാകെ വിവിധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും സ്ഥാപിക്കുന്ന പരസ്യബോർഡുകളും ഹോഡിങ്ങുകളും ബാനറുകളും മൂലം റോഡിൽ അപകടങ്ങളുണ്ടാകുന്നുണ്ട്. ബോർഡുകൾ സ്ഥാപിക്കുന്ന തർക്കം മൂലം സംഘടനകൾ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടാകുന്നതും പതിവായിരിക്കുന്നു. ഈ സാഹചര്യത്തിലാണ് സെക്രട്ടറിമാർ നടപടികൾ സ്വീകരിക്കണമെന്നു നിർദ്ദേശിച്ച് 7.3.18 ൽ 41/ആർ.സി.2/2018 നമ്പറായി അഡീഷ്ണൽ ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചത്.

# പഠന പരിശീലന-ഗവേഷണത്തിനു കേരളവർമ്മ കോളേജ് വിദ്യാർത്ഥികൾ

**പൊ**ളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന തൃശ്ശൂർ കേരള വർമ്മ കോളേജിലെ വിദ്യാർത്ഥികൾ വിവിധ പരിശീലന-ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പഠിക്കാൻ കിലയിലെത്തി. ഇവർക്കു സംഘടിപ്പിച്ച പരിശീലനപരിപാടി കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ, കേരളവർമ്മ കോളേജിലെ ഫാക്കൽറ്റി ജയമോൾ രവി എന്നിവർ സംസാരിച്ചു. കേരളത്തിലെ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് എം.രേണുകുമാറും പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് പി.വി.രാമകൃഷ്ണനും പ്രാദേശിക സർക്കാരിന്റെ സേവനങ്ങളെ സംബന്ധിച്ച് രാജേശ്വരി മേനോനും സംസാരിച്ചു. കിലയിലെ ഒരാഴ്ചത്തെ പഠനപ്രവർത്തനങ്ങൾക്കുശേഷം ജില്ലയിലെ ആറു ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുന്ന വിദ്യാർത്ഥികൾ ബാലസൗഹൃദ പഞ്ചായത്തിന്റെയും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെയും പ്രവർത്തനങ്ങളും, വയോജനസൗഹൃദ പഞ്ചായത്തുതല പ്രവർത്തനങ്ങളും നേരിൽ കണ്ടു പഠിച്ച് അതേക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി അതു കിലയിലെ പരിശീലനവേദിയിൽ അവതരിപ്പിച്ചു. 20 പേരാണ് രണ്ടാഴ്ചത്തെ പരിശീലനപരിപാടിയിൽ പങ്കെടുത്തത്.



# പ്രളയക്കെടുതിയിൽ ആശ്വാസത്തിന്റെ തെളിനീരുമായി

**കു**ട്ടനാട്ടിൽ തോരാമഴയുണ്ടാക്കിയ ദുരിതങ്ങൾ ഊഹങ്ങൾക്കും അപ്പുറത്താണ്. ആഴ്ചകളോളം നീണ്ട വെള്ളപ്പൊക്കത്തിൽ പൊട്ടിത്തകർന്ന സെപ്ടിക് ടാങ്കുകൾ. ഈകോളി ബാക്ടീരിയയുടെ വെല്ലുവിളി. ഏതു നിമിഷവും പടർന്നുപിടിക്കാൻ കോളറ, ഡയേറിയ രോഗങ്ങൾ. എലിപ്പനിയുടെ ഭീഷണി വേറെ. ഒട്ടുമിക്കവരുടേയും കാലുകളിൽ വളംകടിയുടെ വ്രണങ്ങൾ. എത്ര സുസജ്ജമായ ആരോഗ്യസുരക്ഷാസംവിധാനത്തിനും ഭീഷണിയായ സാഹചര്യം. ആ വെല്ലുവിളി ആലപ്പുഴ നേരിട്ടത് അസാധാരണമായ ഒരു കൂട്ടായ്മയിലൂടെയാണ്. സാങ്കേതിക വിദ്യയെ ചൂണ്ടുവിരലിൽ മെരുക്കിയ ന്യൂജെൻ ടെക്കികളും ടീമിൽ അണിനിരന്നപ്പോൾ സന്നദ്ധപ്രവർത്തനം ഹൈടെക്കായി. ദുരിതാശ്വാസക്യാമ്പുകളിൽനിന്നുള്ള പ്രതിദിന വിവരശേഖരണമാണ് ആരോഗ്യപ്രവർത്തകർ നേരിട്ട പ്രധാനവെല്ലുവിളി. ഓരോ ക്യാമ്പും ഓരോ തുരുത്താണ്.കിലയുടെ നേതൃത്വത്തിലുള്ള CANALPY (കാൻആലപ്പി) പരിപാപടിയുമായി സഹകരിക്കുന്ന മുംബൈ ഐ.ഐ.ടിയിൽനിന്ന് സോഫ്റ്റ് വെയർ നിർമ്മാണത്തിൽ പരിശീലനം ലഭിച്ച കിലയിലെ പ്രവർത്തകർ പ്രശ്നം ലളിതമായി പരിഹരിച്ചു. ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ഓരോ പ്രദേശത്തെയും പ്രതിനിധികൾക്കു അവരുടെ പ്രദേശത്തെ രോഗവിവരങ്ങൾ അപ്പപ്പോൾ റിപ്പോർട്ട് ചെയ്യാം. ഓരോ പ്രദേശത്തേയും അതതു ദിവസങ്ങളിലെ രോഗവിവരങ്ങൾ, രോഗം കണ്ടെത്തിയ പ്രദേശങ്ങൾ എന്നിവയും ഗൃഹനാഥന്റെ ഫോൺ നമ്പറും ഉൾപ്പെടെ അന്നുതന്നെ ആരോഗ്യവകുപ്പിന്റെ കൈവശമെത്തും. അഞ്ചുദിവസം



സന്നദ്ധപ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ

കൊണ്ട് 1800 കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റയാണ് അവർ ശേഖരിച്ചു നൽകിയത്. സന്ദർശിച്ച ക്യാമ്പുകളുടെ ജി.ഐ.എസ്(ജ്യോഗ്രാഫിക്ക് ഇൻഫർമേഷൻ സിസ്റ്റം) വിവരങ്ങൾ കൂടി മാപ്പു ചെയ്തുപോകും. അതുകൊണ്ട് ഏതെങ്കിലും പ്രദേശത്ത് പനിയോ വയറിളക്കമോ കണ്ടെത്തിയാൽ അപ്പോൾ തന്നെ ആ പ്രദേശം കേന്ദ്രീകരിച്ചുള്ള പ്രതിരോധ നടപടികൾ ആരംഭിക്കാനാവും.



ദുരിതബാധിതർക്കു സഹായങ്ങൾ കൈമാറുന്നു

കേരള ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തകർ ഇതോടൊപ്പമുണ്ടായിരുന്നു. കുട്ടനാടിനൊപ്പം എന്നതായിരുന്നു അവരുടെ പരിപാടി. ആലപ്പുഴയിലെ എല്ലാ സന്നദ്ധസംഘടനകളേയും കൂട്ടിയോജിപ്പിച്ച് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ രൂപീകരിച്ചതാണ് കുട്ടനാടിനൊപ്പം എന്ന ക്യാമ്പയിൻ. നാലുദിവസംകൊണ്ട് സന്നദ്ധപ്രവർത്തകരേയും വിദ്യാർത്ഥികളേയും കുട്ടനാട്ടിൽ എത്തിക്കാനായി. 20 മുതൽ 40 വരെയുള്ള സംഘങ്ങളായി പിരിഞ്ഞ് കുട്ടനാട്ടിലെ ഓരോ ക്യാമ്പും സന്ദർശിച്ച് അവർ പ്രതിരോധമരുന്നുകൾ നൽകി. കൂട്ടത്തിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. ഓരോ ദിവസവും സന്നദ്ധസേവനത്തിനായി ആലപ്പുഴ ബസ് സ്റ്റാൻഡിലെത്തിചേരുന്ന സന്നദ്ധപ്രവർത്തകരെ ഗ്രൂപ്പുതിരിച്ചു മുൻകൂട്ടി നിശ്ചയിച്ച പ്രദേശങ്ങളിലേക്കയക്കുകയായിരുന്നു. ഓരോ ക്യാമ്പുകളിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും നൽകേണ്ട നിർദ്ദേശങ്ങളെക്കുറിച്ചും വിശദീകരിച്ചു. സന്നദ്ധപ്രവർത്തകർക്കു പരിശീലനവും നൽകി. സന്നദ്ധപ്രവർത്തകർക്കു വഴികാട്ടിയതും അവരെ മുൻകൂട്ടി നിശ്ചയിച്ച പ്രദേശങ്ങളിലെത്തിച്ചതും പ്രദേശത്തെക്കുറിച്ച് നല്ല അറിവുള്ള



ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ട സന്നദ്ധപ്രവർത്തകർക്കു നിർദ്ദേശങ്ങൾ നൽകുന്നു

നാവിഗേഷൻ വിഭാഗമാണ്. സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണമെത്തിച്ചത് സ്നേഹജാലകം ജനകീയ ഭക്ഷണശാലയായിരുന്നു.

പ്രതിരോധ മരുന്നുകൾക്കൊപ്പം അത്യാവശ്യം വേണ്ട മറ്റു മരുന്നുകളും ഒ.ആർ.എസ് പാക്കറ്റുകൾ, ക്ലോറിനേഷൻ ഗുളികകൾ, വളംകടിക്കുള്ള മരുന്നുകൾ എന്നിവയും ക്യാമ്പുകളിലെത്തിച്ചു. 50 കേന്ദ്രങ്ങളിൽ രണ്ടുദിവസങ്ങളിലായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സന്നദ്ധപ്രവർത്തകർ ഏതു ക്യാമ്പിലേക്കാണ് പോകേണ്ടതെന്നും എങ്ങനെ എത്തിച്ചേരാമെന്നും മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നിശ്ചയിച്ചത്. സുരക്ഷിതമായി അവരെ ക്യാമ്പുകളിലെത്തിക്കാനും തിരികെ കൊണ്ടുവരാനും മൊബൈൽ ആപ്ലിക്കേഷൻ ഉപകരിച്ചു. കാവാലം, വെളിയനാട്, നീലംപേരൂർ, രാമങ്കരി എന്നീ പഞ്ചായത്തുകളിലേക്കു ആലപ്പുഴയിൽനിന്ന് എത്തിച്ചേരുന്നതിനു രണ്ടുമണിക്കൂർ സമയമെടുക്കുന്നു. പുളിങ്കുന്നു കേന്ദ്രീകരിച്ച് മറ്റൊരു ഹബ്ബ് രൂപപ്പെടുത്തുകയാണ് പോംവഴി. പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കാൻ പുളിങ്കുന്ന് എഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സുനിൽകുമാർ മുന്നോട്ടു വന്നിട്ടുണ്ട്. കോളേജിലെ എൻ.എസ്.എസിന്റെ സഹായത്തോടെ 100 വിദ്യാർത്ഥികളെ വിവിധ പ്രദേശങ്ങളിലേക്കയക്കും. ആലപ്പുഴയിലെ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കെടുത്തവരും അതിനു നേതൃത്വം നൽകിയവരും മഹത്തായ മാതൃകയാണ് സൃഷ്ടിച്ചത്.

ശാസ്ത്രീയമായ മാലിന്യനിർമ്മാർജനത്തിനു കിലയുടെ നേതൃത്വത്തിൽ ഐ.ഐ.ടി മുംബൈയുടെ സാങ്കേതിക സഹായത്തോടെ രൂപം കൊടുത്ത ജനകീയ കൂട്ടായ്മയാണ് കനാൽപി (CANALPY) കുട്ടനാട്ടിലെ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ അവരുടെ ഇടപെടൽ ശ്രദ്ധേയമായി.





കവിത

## വിഷം തിന്നുന്ന മലയാളി

വരൂ നമുക്കൊരു പുതുകൃഷിയിറക്കാം
രസമുകളങ്ങൾ തകർക്കുന്ന വിഷക്കറിയകറ്റാം
നമുക്കുണ്ട് ചുറ്റിലും തരിശുപാടം
തരിശുപാടങ്ങൾ ഉഴുതിറക്കാം
ജീവരാശിയെ മുന്നോട്ടു കൊണ്ടുപോകാം.
എവിടെയോ എന്നോ മറന്നുവച്ച
വിത്തും കൈകോട്ടും വീണ്ടെടുക്കാം
സ്മൃതിയിൽനിന്നെന്നോ മറന്നുപോയ
കൊയ്ത്തുപാട്ടൊന്നായി ചേർന്നുപാടാം.
നദിയുണ്ട് ജലമുണ്ട് വളമുള്ള മണ്ണുണ്ട്
മനസ്സിൽ പച്ചപ്പു മാത്രമില്ല.
രുചിയുള്ളതൊന്നും നമുക്കില്ല ചുറ്റിലും
അരുചി കേടുകൾ എങ്ങുമുണ്ട്.
തരിശ്ശിട്ട ഭൂമിയിൽ വാഴവയ്ക്കാം
പച്ചക്കറികൾ പലതും വിളവെടുക്കാം
ഈ ഓണമെങ്കിലും പ്ലാസ്റ്റിക് ഇല വിട്ട്
സ്വന്തമായ് വാഴകൈ അറുക്കാം.
ലാഭക്കൊതിയും ചതിയുമൊന്ന്
വിഷം തിന്നു തീർക്കുന്നു നമ്മളിന്ന്
മാരഗരോഗങ്ങൾ വന്നുവന്ന്
ആയുസ്സിൻ പാതി കവർന്നുപോയി.
മലയാളിയില്ലാത്ത ലോകമുണ്ടോ
മലയാളമണ്ണിൽ വിളയാത്തതും.
വരളുന്ന നദികളും മലിനമാം പുഴകളും
തച്ചുതകർത്തെന്റെ ഗ്രാമഭംഗി.
വനമെന്നയാശയം മനസ്സിലുദിക്കുമ്പോൾ
ഒരു തൈ നട്ടു നാം വൃക്ഷമായ് കണ്ടം
അതിനായി ഒരു മഴു അപ്പോൾ പണിതും
ഹരിതാഭകേരള ഗ്രാമഭംഗി.
ഇന്നു വരകളിൽ കുറികളിൽ പാഠങ്ങളിൽ
വിണ്ടുകീറുന്നൊരൊടുക്കത്തെ ദാഹത്തെ
ഒരു കുടത്തിൽ നാം പിടിച്ചുവച്ചു.
നദികൾ വറ്റുമ്പോൾ പുഴകൾ വറ്റുമ്പോൾ
അറിയാതെ പറയുന്നു നമ്മൾ
ഇവിടെ ദാരിദ്ര്യത്തിനു വിത്തുപാകുന്നവർ
പട്ടിണി കൊതുവയ്ക്കുന്നു.
ഇഷ്ടമാണെന്നും എനിക്കെന്റെ ഗ്രാമത്തിൻ
പച്ചപ്പുകണ്ടുണർന്നീടാൻ
കണ്ണെത്താ ദൂരം പരന്നൊരു നെൽപാടം
ഇന്നെന്റെ ഭാവനമാത്രം.
അന്യമായ് എല്ലാം തകർത്തു മുന്നേറുന്ന
ദൈന്യമായ് എല്ലാം കണ്ടു നടക്കുന്നു
ഇനിയും തലമുറ വാഴാനിടം വേണം.
സ്വപ്നത്തിലെങ്കലും ഒരു ഹരിതാഭകേരളം
കൊണ്ടുനടക്കാൻ മനസ്സിലിടം വേണം.

**ഷാജുപോൾ,** സീനിയർ ക്ലാർക്ക്,
കോതമംഗലം നഗരസഭ.

## ചോദ്യങ്ങൾക്കു മറുപടി

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ട്രാഫിക്ക് കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങൾ?

● 2011 ലെ കേരള പോലിസ് ആക്ടിലെ 72-ാം വകുപ്പിൽ ട്രാഫിക്ക് റഗുലേറ്ററി കമ്മിററിയുടെ ഘടന പറയുന്നുണ്ട്. ട്രാഫിക്ക് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനു ഗ്രാമപഞ്ചായത്തുളിലും നഗരസഭകളിലും ട്രാഫിക്ക് ക്രമീകരണ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നമ്പർ 2861/ആഭ്യന്തര/2011 തീയതി. 24.9.2011). ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റും മുനിസിപ്പാലിറ്റിയിൽ ചെയർപേഴ്സണും മുനിസിപ്പൽ കോർപ്പറേഷനുകളിൽ മേയറും ഈ സമിതികളുടെ അദ്ധ്യക്ഷന്മാരായിരിക്കും. റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പ്രതിനിധിയായിരിക്കും കൺവീനർ. ജില്ലാമജിസ്ട്രേറ്റിന്റെ പ്രതിനിധി, ജില്ലാ പോലിസ് മേധാവിയുടെ പ്രതിനിധി, പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പ്രതിനിധി എന്നിവർ സമിതിയിലെ അംഗങ്ങളായിരിക്കും. ഈ സമിതികളെ ഏകോപിപ്പക്കുന്നതിനു ജില്ലാതല ട്രാഫിക്ക് റഗുലേറ്ററി കമ്മിറ്റിയുമുണ്ടാകും. (സെക്ഷൻ 72(6) പോലീസ് ആക്ട്,2011)

? ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്ററിൽ ഉൾപ്പെട്ടവരെ ആരെ എങ്കിലും നിർവഹണ ഉദ്യോഗസ്ഥനു ഒഴിവാക്കാൻ അധികാരമുണ്ടോ?

● ഇല്ല. ഗ്രാമസഭ അംഗീകരിച്ച് അന്തിമമാക്കിയ ലിസ്റ്റിൽ നിന്ന് ആരേയും ഒഴിവാക്കാൻ പാടില്ല. അനർഹർ കടന്നുകൂടിയതായി നിർവഹണ ഉദ്യോഗസ്ഥനു ബോധ്യപ്പെട്ടാൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും ഭരണസമിതി ഉചിതമായ തീരുമാനം എടുക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ.ഡി.ബി.1/374/2018 തസ്വഭവ.23.5.2018)

? ആരോഗ്യകേന്ദ്രങ്ങളിൽ നാഷ്ണൽ ഹെൽത്ത് മിഷന്റെ ഭാഗമായി ഉച്ച കഴിഞ്ഞ് പ്രവർത്തിക്കാൻ താൽക്കാലികമായി ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കാൻ എന്തു ചെയ്യണം?

● ആരോഗ്യകേന്ദ്രങ്ങൾ ഉച്ചയ്ക്കുശേഷം 1 മണി മുതൽ 6 മണിവരെ പ്രവർത്തിക്കുന്നതിനാണ് ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിക്കാൻ വ്യവസ്ഥയുള്ളത്. ജില്ലാതലത്തിൽ ജില്ലാ കലക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, നാഷ്ണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് ഇൻറർവ്യൂ നടത്തി എടുക്കേണ്ടത്. തദ്ദേശഭരണസ്ഥാപനങ്ങൾക്കു ഇന്റർവ്യൂ നടത്തി എടുക്കാൻ അനുവാദമില്ല. ആയതിനാൽ ആവശ്യമുള്ള തദ്ദേശസ്ഥാപനങ്ങൾ മേൽ പറഞ്ഞ കമ്മിറ്റിയോട് ആവശ്യപ്പെടുക.(സർക്കുലർ നമ്പർ 210/ഡി.ബി.2/18 തസ്വഭവ 2.7.2018)

? ജില്ല ആസൂത്രണസമിതി അംഗങ്ങളായ ജനപ്രതിനിധികൾക്കു ആസൂത്രണസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിനു സിറ്റിംഗ് ഫീ, യാത്രാബത്ത എന്നിവ അതതു തദ്ദേശസ്ഥാപനങ്ങൾ നൽകേണ്ടതുണ്ടോ?

● ആവശ്യമില്ല. ജില്ല ആസൂത്രണസമിതി അംഗങ്ങളായ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കു സമിതി ചേരുമ്പോൾ പങ്കെടുക്കുന്നതിനു സിറ്റിംഗ് ഫീസും യാത്രാബത്തയും ജില്ല പ്ലാനിംഗ് ഓഫീസിൽനിന്നാണ് നൽകേണ്ടത്. 400/-രൂപ സിറ്റിംഗ് ഫീസും 600/- രൂപ യാത്രാബത്തയും ഉൾപ്പെടെ 1000/- രൂപ ജില്ല ആസൂത്രണസമിതിയിൽനിന്നു നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. (സ.ഉ.(സാധാ) 1953/2018 തസ്വഭവ.18.2.18)

? തദ്ദേശഭരണസ്ഥാപനത്തിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഡോക്യുമെന്റേഷൻ നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനു എത്ര തുകവരെ ചെലവഴിക്കാൻ കഴിയും?

● ഒരു ഭരണസമിതിയുടെ കാലഘട്ടത്തിൽ തന്നെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തുന്നതിനു പരമാവധി ഒരു ലക്ഷം രൂപ വരെ തദ്ദേശഭരണസ്ഥാപനത്തിന്റെ തനതു ഫണ്ടിൽനിന്ന് ചെലവഴിക്കാൻ അനുവാദമുണ്ട്. (സ.ഉ.(സാധാ)1591/18 തസ്വഭവ.12.6.18)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000**

? സാമൂഹ്യസുരക്ഷാപെൻഷൻ ഒരെണ്ണം ലഭിക്കുന്ന ആൾക്കു മറ്റൊരു പെൻഷൻ കൂടി വാങ്ങാൻ അർഹതയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതു പറ്റില്ലെന്നു പറയുന്നതു ശരിയാണോ?

● ശരിയാണ് വികലാംഗപെൻഷൻ വാങ്ങുന്ന ആളുകൾക്കു ഒഴികെ മറ്റെല്ലാവർക്കും ഒരു പെൻഷൻ മാത്രമേ വാങ്ങാൻ അർഹതയുള്ളൂ. എന്നാൽ തനതുഫണ്ട് ഉപയോഗിച്ച് ചില ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ നൽകുന്നവർക്കു പുതിയതായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ അവർക്കു 600/- രൂപ നിരക്കിൽ ഒരു പെൻഷനു അർഹതയുണ്ടായിരിക്കും. താഴെ പറയുന്ന ക്ഷേമനിധി ബോർഡുകളാണ് തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നത്. 1.കേരള അബ്കാരി വർക്കേഴ്സ് ബോർഡ്. 2. കേരള ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയൽ ബോർഡ്. 3. കേരള സ്റ്റേറ്റ് കൾച്ചറൽ ആക്റ്റിവിസ്റ്റ്സ് വെൽഫയർ ബോർഡ്. 4.കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫയർ ബോർഡ്. 5.കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫയർ ഫണ്ട്. 6.കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. 7.കേരള ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. 8.കേരള റേഷൻ ഡീലേഴ്സ് വെൽഫയർ ഫണ്ട്. അതുപോലെ ഇ.പി.എഫ് പെൻഷൻകാർക്കും അർഹതയുണ്ടെങ്കിൽ പുതിയതായി അനുവദിക്കുമ്പോൾ 600/-രൂപ നിരക്കിലേ നൽകാവൂ.

? സാമൂഹ്യസുരക്ഷാപെൻഷനു അപേക്ഷിക്കുമ്പോൾ ജനനതീയതി തെളിയിക്കാൻ (വയസ്സുതെളിയിക്കാൻ) ഡോക്ടറുടെ സാക്ഷ്യപത്രം പറ്റില്ല എന്നു പറയുന്നതു ശരിയാണോ?

● ശരിയാണ്. പുതിയതായി സാമൂഹ്യസുരക്ഷാപെൻഷനു അപേക്ഷിക്കുന്ന ആളുകൾ വയസ്സു തെളിയിക്കുന്നതിനു ഡോക്ടറുടെ സാക്ഷ്യപത്രം വയ്ക്കുന്ന രീതി നിർത്തലാക്കിയിരിക്കുന്നു. സ്കൂൾ സർട്ടിഫിക്കററ്, ജനനതീയതി തെളിയിക്കാനുള്ള മററ് ആധികാരിക രേഖ ഇല്ലാത്ത സാഹചര്യത്തിൽ ആധാർ കാർഡ് ഉപയോഗിക്കാവുന്നതാണ്. എന്നാൽ പട്ടികവർഗ്ഗത്തിൽ പെടുന്നവർ, കിടപ്പുരോഗികൾ, 80 വയസ്സു കഴിഞ്ഞവർ എന്നിവർക്കു ആധാർ രേഖ ഇല്ല എന്നു തദ്ദേശഭരണസ്ഥാപനത്തിന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടാൽ ഡോക്ടറുടെ സാക്ഷ്യപത്രം തെളിവായി സ്വീകരിക്കാം. (സർക്കുലർ നമ്പർ 69/2018/ ധന.26.7.2018

? ദിവസവേതനക്കാരുടെ വേതന നിരക്കു വർദ്ധിപ്പിച്ചു എന്നു പറയുന്നതു ശരിയാണോ?

● ശരിയാണ്. ദിവസവേതനക്കാരുടെയും കരാർ ജീവനക്കാരുടേയും വേതനം വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യവകുപ്പു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവു കാണുക.(ഉത്തരവ് നമ്പർ. സ.ഉ. (പി)112/2018.ധന.21.7.2018)

? നെൽവയൽ തണ്ണീർതട നിയമം ഭേദഗതി ചെയ്തതായി വായിച്ചു. ഭേദഗതി ചെയ്ത നിയമം എവിടെ കിട്ടും?

ഉ:ഭേദഗതി ചെയ്ത നെൽവയൽ തണ്ണീർതട നിയമത്തിന്റെ ഭാഗങ്ങൾ കേരളസർക്കാരിന്റെ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. നിയമവകുപ്പിന്റെ വെബ്സൈററിൽനിന്നു ലഭിക്കുന്നതാണ്. 2018 ലെ 29-ാമതു നിയമം കാണുക.(വിജ്ഞാപനനമ്പർ 26798/ലെഗ്ബി.2/2017.നിയമം.6.7.2018 കാണുക)

# പരിസ്ഥിതിസംരക്ഷണവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

> സ്വകാര്യഭൂമിയിലേയും പൊതുസ്ഥലങ്ങളിലേയും കുളങ്ങളും തോടുകളും സംരക്ഷിക്കാം. കയർ ഭൂവസ്ത്രംകൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യാം. കുളങ്ങൾ മത്സ്യകൃഷിക്കു ഉപയുക്തമാക്കാം. പൊതുസ്ഥലത്തുള്ളതും തദ്ദേശസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുമുള്ള കുളങ്ങളും തോടുകളും പ്രത്യേകമായി സംരക്ഷിക്കണം. ഇക്കാര്യത്തിൽ തൊഴിലുറപ്പു പദ്ധതി, സന്നദ്ധസംഘടനകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തണം. മത്സ്യകൃഷിക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ മത്സ്യവകുപ്പിൽനിന്ന് സൗജന്യമായി ലഭിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാനങ്ങൾ തയ്യറാകണം.

പ്രാദേശിക വികസനം സുസ്ഥിരവികസന നയത്തിലൂടെയാകണം എന്നാണ് പഞ്ചവത്സരപദ്ധതികൾ ലക്ഷ്യമിടുന്നത്. അധികാരവികേന്ദ്രീകരണത്തിലൂന്നിയ പഞ്ചായത്ത് രാജ്/ നഗരപാലിക നിയമങ്ങൾ രൂപപ്പെടുത്തുമ്പോൾ ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പൽ നിയമത്തിലും പ്രാദേശിക സർക്കാരുകളുടെ ചുമതലകൾ പട്ടികപ്പെടുത്തിയപ്പോൾ പരിസ്ഥിതി സംരക്ഷണത്തിനു പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളതായി കാണാം. അനിവാര്യ ചുമതലകളിലും പൊതുചുമതലകളിലും മേഖലാചുമതലകളിലും പ്രകൃതിസംരക്ഷണത്തിനും ഭൂമിയിലെ പച്ചപ്പും സ്വാഭാവിക പരിസ്ഥിതി നിലനിർത്തുന്നതിനും പ്രത്യേക ഇനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ചുമതല നിർവഹണം പ്രാദേശികഭരണ നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും ഉൾച്ചേർക്കുമ്പോഴാണ് പ്രകൃതിക്കിണങ്ങുന്ന സുസ്ഥിരവികസനം സാധ്യമാകുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിലും പരിസ്ഥിതി സംരക്ഷണത്തിനു പ്രാമുഖ്യം നൽകിയിട്ടുണ്ട്. വരുംതലമുറയ്ക്ക് പ്രകൃത്യാവബോധം ഉണ്ടാകുക എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് പല നിർദ്ദേശങ്ങളും മാർഗ്ഗരേഖയിൽ ഉൾച്ചേർത്തിട്ടുള്ളത്. എല്ലാ സ്കൂൾ കോമ്പൗണ്ടിലും കളിസ്ഥലങ്ങൾക്കു കോട്ടം വരാതെ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം. ദീർഘകാല വൃക്ഷതൈകളും ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളും ഇത്തരത്തിൽ വച്ചുപിടിപ്പിക്കാൻ മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഉറപ്പുള്ള സംരക്ഷണ വേലികൾ നിർമ്മിച്ചു ഈ വൃക്ഷങ്ങൾ സംരക്ഷിക്കാൻ വിദ്യാർത്ഥികളെ ചുമതലപ്പെടുത്തുമ്പോൾ അതു ഭാവി തലമുറയ്ക്കുള്ള ബോധവൽക്കരണം കൂടിയാകും. വനംവകുപ്പ്, കൃഷിവകുപ്പ്, തൊഴിലുറപ്പുപദ്ധതി എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെയാണ് ഇത്തരം പദ്ധതികൾ തദ്ദേശസ്വയംഭരണസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടത്. സ്കൂൾ പി.ടി.എ, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് എന്നിവരേയും സഹകരിപ്പിക്കണം. ആവശ്യമായ തൈകൾ വനം വകുപ്പും കൃഷിവകുപ്പും നൽകണം. വളം, സംരക്ഷണവേലി, ബോർഡു സ്ഥാപിക്കൽ, ക്യാമ്പയിൻ എന്നിവയുടെ ചെലവ് തദ്ദേശസ്ഥാപനങ്ങൾക്കു പദ്ധതിയിൽ പെടുത്താം.

സ്വകാര്യഭൂമിയിലേയും പൊതുസ്ഥലങ്ങളിലേയും കുളങ്ങളും തോടുകളും സംരക്ഷിക്കാം. കയർ ഭൂവസ്ത്രംകൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യാം. കുളങ്ങൾ മത്സ്യകൃഷിക്കു ഉപയുക്തമാക്കാം. പൊതുസ്ഥലത്തുള്ളതും തദ്ദേശസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുമുള്ള കുളങ്ങളും തോടുകളും പ്രത്യേകമായി സംരക്ഷിക്കണം. ഇക്കാര്യത്തിൽ തൊഴിലുറപ്പുപദ്ധതി, സന്നദ്ധസംഘടനകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തണം. മത്സ്യകൃഷിക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ മത്സ്യവകുപ്പിൽനിന്ന് സൗജന്യമായി ലഭിക്കാൻ തദ്ദേശസ്വയംഭരണസ്ഥാനങ്ങൾ തയ്യറാകണം. സ്വകാര്യ കുളങ്ങളാണെങ്കിൽ ഉടമസ്ഥരുടെ സഹകരണത്തോടെയാണ് ഇതു ചെയ്യേണ്ടത്.

കാവുകളുടേയും കണ്ടൽ കാടുകളുടേയും സംരക്ഷണം തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഓരോ സ്ഥലത്തും സംരക്ഷിക്കപ്പെടേണ്ട കാവുകളുടേയും കണ്ടൽ കാടുകളുടേയും പട്ടിക തദ്ദേശസ്ഥാപനങ്ങളും ഹരിതകേരളം മിഷൻ ടീമും ചേർന്നു തയ്യാറാക്കണം. സംരക്ഷിക്കപ്പെടേണ്ട വൃക്ഷങ്ങളുടെ കണക്കും കാവുകളുടെ എണ്ണവും കണക്കാക്കി സംരക്ഷണ ചുമതലകൾ ഏൽപ്പിക്കണം. ചെലവു കുറഞ്ഞ രീതിയിൽ മുള്ളുവേലി കെട്ടി സംരക്ഷിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കണം. ഇതിന്റെ നിർവഹണം സ്വകാര്യഭൂമിയാണെങ്കിൽ ഉടമസ്ഥരേയും പൊതുവാണെങ്കിൽ പ്രാദേശിക കൂട്ടായ്മയേയോ സന്നദ്ധ സംഘടനകളേയോ ഏൽപ്പിക്കാം. മേൽനോട്ടം ജൈവവൈവിധ്യസമിതിക്കായിരിക്കും. ഇപ്രകാരം ചെയ്യുമ്പോൾ ചെലവിന്റെ 75 ശതമാനം തുക പദ്ധതിയൽ പെടുത്തി നൽകാൻ കഴിയും. പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിക്കുന്ന കാവ് എന്ന ബോർഡ് വയ്ക്കേണ്ടതാണ്. തദ്ദേശസ്ഥാപനത്തിന്റെ ജൈവവൈവിധ്യ രജിസ്റ്ററിൽ ചേർക്കുകയും വേണം. ഇക്കാര്യങ്ങളിൽ ആവശ്യമായ ശാസ്ത്ര സാങ്കേതിക ഉപദേശം ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽനിന്ന് ലഭ്യമാക്കാവുന്നതാണ്.

പരിസ്ഥിതി സുരക്ഷയ്ക്കു ആവശ്യമായ മരങ്ങൾ പരിരക്ഷിക്കാൻ സഹകരണ വായ്പയും ഒറ്റത്തവണ പലിശ സബ്സിഡിയും നൽകാൻ തദ്ദേശഭരണസ്ഥാനങ്ങൾക്കു പദ്ധതി വയ്ക്കാവുന്നതാണ്. കേരളത്തിന്റെ തനതായ പച്ചപ്പു നിലനിർത്തുന്നതിനു പ്രകൃതി ചൂഷണം അവസാനിപ്പിക്കുന്നതിനുമായി ഇച്ഛാശക്തിയും ഗൗരവമായ ഇടപെടലുകളുമാണ് തദ്ദേശസ്വയംഭരണ മേധാവികൾ എപ്പോഴും പ്രകടമാക്കേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു നൽകുന്ന ലൈസൻസ്, അനുവാദം മുതലായവ നൽകുമ്പോഴും പ്രകൃതി സംരക്ഷണത്തിനനുസരിച്ചുള്ള നിബന്ധനകൾ കർശനമായി പാലിക്കുന്നുണ്ടെന്നു ഉറപ്പുവരുത്താനുള്ള ബാദ്ധ്യതയും അവർക്കുണ്ട്.

**വി.ജി.ശശിധരൻ**
ഹെൽപ്പ്ഡെസ്ക് കില

## വീടിന്റെ ഉപയോഗമാറ്റം വരുത്തരുതെന്ന ഉത്തരവു പിൻവലിച്ചു

**നെ**ൽവയൽ തണ്ണീർതട നിയമം പ്രാബല്യത്തിൽ വന്ന 2008 നു ശേഷം നികത്തുഭൂമിയിൽ ചില നിബന്ധനകൾക്കു വിധേയമായി വീടുവയ്ക്കാൻ അനുവാദം നൽകിയിരുന്നു. അപ്രകാരം വീടു വച്ചവരോട് ആ വീടുകൾ പത്തുവർഷകാലത്തേക്കു ഉപയോഗമാററം വരുത്തരുതെന്ന നിബന്ധനയോടെയാണ് ഉടമസ്ഥാവകാശം നൽകിയിരുന്നത്. എന്നാൽ 2008 ലെ നെൽവയൽ തണ്ണീർതട നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വിരുദ്ധമായാണ് ഇത്തരം നിബന്ധനയെന്ന് ബോധ്യപ്പെട്ടതിനാൽ ആ നിബന്ധന പിൻവലിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലം നികത്തി വീടുവച്ച് നമ്പർ ലഭിച്ചവർ പത്തുവർഷകാലത്തേക്കു ഉപയോഗമാറ്റം വരുത്തരുതെന്ന ഉപാധി നേരത്തെ നിഷ്കർഷിച്ചിട്ടില്ലെന്നു കണക്കാക്കാം. തദ്ദേശഭരണവകുപ്പിന്റെ 5.7.2018 ലെ 395/ആർ.എ1/2017 നമ്പർ സർക്കുലറിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

# സമഗ്രവികസനത്തിനു ട്രാൻസ്ഫോമിംഗ് ആലപ്പാട്

**ആ**ലപ്പാട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനപദ്ധതി (ട്രാൻസ്ഫോമിംഗ് ആലപ്പാട്)യുമായി ബന്ധപ്പെട്ട് കൊട്ടാരക്കര കില മേഖലാകേന്ദ്രത്തിൽ ദ്വിദിന കൂടിയാലോചന ശില്പശാല സംഘടിപ്പിച്ചു. കില റീജിണൽ ഡയറകട്റും ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷ്ണറുമായ കെ.വനജകുമാരി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷ്ണർ സി.എസ്.ലതിക ആമുഖപ്രഭാഷണം നടത്തി. ആലപ്പാടിന്റെ വികസന പദ്ധതിയെക്കുറിച്ച് വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്(റി.ട്ട) വിശദീകരിച്ചു. മുൻ ജോയിന്റ് ഡെവലപ്മെന്റ് കമ്മിഷ്ണർ കെ.ശിവകുമാർ സംസാരിച്ചു.

വിവിധ വിഷയങ്ങളെക്കുറിച്ചു നടന്ന ചർച്ചകൾക്കു മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ജില്ലാ കലക്ടർ ഡോ. എസ്. കാർത്തികേയൻ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഡോ.മൊഹമ്മദ് അഷീൽ, എസ്. ഷനിറുദ്ദീൻ, ഐ.ആർ.ടി.സി ഡയറക്ടർ എൻ.കെ. ശശിധരൻ പിള്ള എന്നിവർ നേതൃത്വം നൽകി. സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, കോഴ്സ് കോർഡിനേറ്റർമാരായ ഷെറിൻ ചാക്കോ, കെ.ദിലീപ് കുമാർ, ആലപ്പാട് ലൈബ്രറിയിലെ സീനിയർ ലൈബ്രേറിയൻ എന്നിവർ പങ്കെടുത്തു. സുനാമിയിൽ ഏറെ നാശനഷ്ടം സംഭിവിച്ച കൊല്ലം ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്താണ് ആലപ്പാട്. പഞ്ചായത്തിന്റെ സമഗ്രവികസനമാണ് ശില്പശാലയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ, പഞ്ചായത്തതിർത്തിയിലുള്ള സ്കൂളുകളിലെ പ്രധാന അധ്യാപകർ, അങ്കണവാടി വർക്കർമാരുടെ പ്രതിനിധികൾ, സൂപ്രവൈസർമാർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്. 110 വർഷം പിന്നിട്ട എ പ്ലസ് ഗ്രേഡുള്ള ആലപ്പാട് ലൈബ്രറിയാണ് ശില്പശാലയ്ക്കു മുൻകൈ എടുത്തത്.

അറേബ്യൻ സമുദ്രത്തിനും ടി.എസ്.കനാലിനും ഇടയിലായി 16 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യ ഏകദേശം 27,000 മാണ്. മത്സ്യബന്ധനമാണ് പ്രധാന ജീവിതോപാധി. ആലപ്പാടിന്റെ സാക്ഷരത നിരക്ക് 95.52 ആണ്. സംസ്ഥാനത്തിന്റെ മൊത്തം സാക്ഷരത നിരക്കിനേക്കാൾ (94.5) ഒരുപടി മുന്നിൽ.



കാനഡയിലെ ടൊറാന്റോ കൺവെൻഷൻ സെന്ററിൽ ജൂലൈ 15 മുതൽ 25 വരെ സംഘടിപ്പിച്ച ഇന്റർ നാഷ്ണൽ സോഷ്യോളജിക്കൽ അസോസിയേഷന്റെ 19-ാത് ലോക സോഷ്യോളജി കോൺഗ്രസ്സിൽ ദാരിദ്ര്യവും സമൂഹവും എന്ന വർക്കിംഗ് ഗ്രൂപ്പിൽ കില അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ വിഷയാവതരണം നടത്തുന്നു

# ശുഭാപ്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ ശില്പശാല

**തൃ**ശ്ശൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ഭിന്നശേഷി റിസോഴ്സ് സെന്ററായ ശുഭാപ്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ മാനസികവും ശാരീരികവും വിദ്യാഭ്യാസപരവുമായ സമഗ്ര വികസനത്തിനുള്ള സ്ഥിരം സംവിധാനമാണ് ശുഭാപ്തി. വികസനരംഗത്ത് പ്രയാസമനുഭവിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കു ആവശ്യമായ ഇടപെടലുകൾ ഈ സ്ഥാപനം ഒരുക്കുന്നതാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവർത്തിക്കുന്ന ഈ സെന്ററിൽ ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളും പങ്കാളികളാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. കില അസോസിയേററ് പ്രൊഫ. ഡോ. പീറ്റർ എം.രാജ് ആമുഖാവതരണം നടത്തി. സെന്ററിന്റെ സാങ്കേതിക ഉപദേഷ്ടാവ് ആരോഗ്യസർവകലാശാല വൈസ് ചാൻസലർ ഡോ.എം.കെ.സി നായർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, ജില്ലാപഞ്ചായത്ത് ആരോഗ്യസ്ററാൻഡിംഗ് കമ്മിററി ചെയർമാൻ സി.ജി.മോഹൻദാസ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ, ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ്, കോർഡിനേറ്റർ കെ.ജി. സജീവ്, ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ ടി.ആർ. മായ, സാമൂഹ്യനീതി വകുപ്പ് ഓഫീസർ സുലക്ഷണ, രേഷ്മ ജോർജ്, ഡോ. പ്രീതി എന്നിവർ സംസാരിച്ചു. പ്രോജക്ടിനെക്കുറിച്ച് കില എക്സ്റ്റൻഷൻ ഫാക്കൽററി എം.ജി. കാളിദാസൻ വിശദീകരിച്ചു. സെന്ററിനുള്ള സർക്കാർ സഹായവും അനുമതിയും ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് ശ്രമിക്കും. രാമവർമ്മപുരത്ത് ഒരു ഏക്കർ സ്ഥലത്ത് സെന്ററിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. പ്രാരംഭമായി ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലേയും ആറു വയിസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വികസന വ്യതിയാനങ്ങൾ തിട്ടപ്പെടുത്തുന്നതിനുള്ള സർവേയും ക്യാമ്പുകളും ആരംഭിക്കും. സെന്ററിന്റെ ഭാഗമായുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പരിശീലനപരിപാടിയും തുടരുന്നു.



KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**